# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3506

12/05/2017 -ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി.ഡി .സതീശൻ
ശ്രീ.കെ.എസ്. ശബരിനാഥൻ
ശ്രീ. എൽദോസ് കുന്നപ്പിള്ളി

ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ക്ഷീരവിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി)

ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളും ക്ഷീരവ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ക്ഷീരകർഷകരെ സഹായിക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങളുടെ ആധുനികവത്ക്കരണം, ഓട്ടോമേഷൻ എന്നിവയ്ക്കായി 2017-18-ൽ 25.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽസംഭരണ മുറി, ഗോഡൗൺ, ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് (AMCU) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്റ്റ് (FSSA) പ്രകാരമുള്ള സൗകര്യങ്ങൾ ക്ഷീരസംഘങ്ങളിൽ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനരഹിതമായ

ക്ഷീരസംഘങ്ങൾക്കുള്ള പുനരുദ്ധാരണ സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായം, ക്ഷീരസംഘം ജീവനക്കാർക്കും കർഷകർക്കും ആവശ്യമായ പരിശീലന പരിപാടികൾ എന്നിവയ്ക്കാണ് ഈ തുക വിനിയോഗിക്കുന്നത്.

കൂടാതെ ക്ഷീരകർഷകർക്ക് വർദ്ധിച്ച ഉല്പാദന ചെലവിൽ നിന്നും ആശ്വാസം ലഭിക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാൽ ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 2017-18 വർഷത്തിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.